# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 549** — **11.12.2012 ൽ മറുപടിയ്ക്ക്**

**കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന പുതിയ സംരംഭങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി. എ. മാധവൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷിക ഗ്രാമവിസന ബാങ്കുകൾ മുഖേന പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന കാർഷിക/കാർഷികേതര ആവശ്യങ്ങൾക്കായി എല്ലാത്തരം വായ്പകളും നൽകി വരുന്നുണ്ട്.<br><br>ഇതിന് പുറമേ 2012 മാർച്ച് ഒന്നുമുതൽ പ്രത്യേക നിക്ഷേപ സമാഹരണ പദ്ധതി കൂടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ഉൾപ്പെടെയുള്ള വായ്പകൾ നൽകുന്നതിലൂടെ, പുതുതായി വ്യവസായങ്ങൾ തുടങ്ങുന്നതിനും, തദ്വാര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയുന്നതാണ്. നിക്ഷേപ സമാഹരണ പദ്ധതിയിലൂടെ പ്രാഥമിക കാർഷിക വികസന ബാങ്കിലെ അംഗങ്ങളുടെ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിനോടൊപ്പം, ബാങ്കിന്റെ പ്രവർത്തനത്തിനാവശ്യമായ മൂലധന സമാഹരണവും ലക്ഷ്യമാക്കുന്നുണ്ട്. |
| (സി) ഇത്തരം സംരംഭങ്ങൾക്ക് ദീർഘകാല സംരംഭകവായ്പ നൽകുന്നുണ്ടോ; വിശദമാക്കുമോ; | (സി) ദീർഘകാല സംരംഭ വായ്പ നൽകുന്നുണ്ട്. പ്രതിവർഷം 500 ഓളം വ്യവസായിക വായ്പകൾ പുതുതായി ദീർഘകാല വായ്പകളായി നൽകുന്നുണ്ട്. |

| | |
|---|---|
| (ഡി) ഏതെല്ലാം ഉദ്പാദന മേഖലകളിലാണ് പുതിയ സംരംഭങ്ങൾക്ക് വായ്പ നൽകുന്നത് വിശദമാക്കുമോ? | (ഡി) നിലവിൽ കാർഷികം, കാർഷികേതരം, കാർഷികാനുബന്ധം, വ്യാവസായികം എന്നീ മേഖലകളിലാണ് ബാങ്ക് ഉൽപാദന വായ്പകൾ നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ